**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3943** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഇ-ഓഫീസ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇ-ഓഫീസ് സംവിധാനം പുനഃക്രമീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കാലാനുസൃതമായി ഇ-ഓഫീസ് സംവിധാനം പരിഷ്കരിച്ചു വരുന്നു. നിലവിൽ പുതിയ പതിപ്പായ ഇ-ഓഫീസ് 7.3.9 ലേക്ക് പരിഷ്കരിക്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മൂന്ന് ഘട്ടമായാണ് വിവിധ വകുപ്പുകളിൽ ഇ-ഓഫീസിൻറെ പരിഷ്കരണം നടപ്പാക്കുന്നത്. ഇപ്പോൾ മൂന്നാം ഘട്ടമാണ് നടപ്പാക്കി വരുന്നത്. സെക്രട്ടേറിയറ്റിലും കളക്ടേറ്റുകളിലും ഇ-ഓഫീസിൻറെ പരിഷ്കരണം പൂർത്തിയായി കഴിഞ്ഞു. |
| (ബി) | ഇ-ഓഫീസ് സംവിധാനത്തിന്റെ പോരായ്മ മൂലം ഫയലുകളുടെയും പെറ്റീഷനുകളുടെയും ഓൺലൈൻ നീക്കം സ്തംഭിച്ചത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ബി) | ഇ-ഓഫീസ് സംവിധാനത്തിന്റെ പോരായ്മ മൂലം ഫയലുകളുടെയും പെറ്റീഷനുകളുടെയും ഓൺലൈൻ നീക്കം സ്തംഭിച്ചതായ വിവരങ്ങൾ ലഭ്യമായിട്ടില്ല. മറിച്ച് ഇ-ഓഫീസിൻറെ പരിഷ്കരണ നടപടികൾക്കായി മുൻകൂട്ടി അറിയിച്ച ദിവസങ്ങളിൽ ഇ-ഓഫീസ് സംവിധാനം ലഭ്യമാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. പരിഷ്കരണ നടപടികൾ പൂർത്തിയായതിനു ശേഷം ഇ-ഓഫീസ് സംവിധാനം നിലവിൽ പ്രവർത്തനക്ഷമമാണ്. |
| (സി) | കളക്ടറേറ്റുകളിലും മറ്റ് സർക്കാർ ഓഫീസുകളിലും ഫയലുകളും പരാതികളും കെട്ടികിടക്കുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തെ കളക്ടേറ്റുകൾ ഉൾപ്പടെയുള്ള സർക്കാർ ഓഫീസുകളിൽ ഫയലുകൾ തീർപ്പാക്കുന്നതിനായി ഓരോ വകുപ്പുകളും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തി വകുപ്പുതല അദാലത്തുകൾ സംഘടിപ്പിച്ചുകൊണ്ട് സാധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കുന്നതിനു സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ 14 കളക്ടേറ്റുകളിലും ഇതിനോടകം ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുകയും മറ്റു സർക്കാർ വകുപ്പുകളിലെ താഴെത്തട്ടുവരെയുള്ള ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നത് അന്തിമഘട്ടത്തിലാണ്. അത്തരത്തിൽ ഇ-ഫയൽ |

| | | | |
|---|---|---|---|
| | | | സംവിധാനത്തിന്റെ നൂതന സാധ്യതകൾ കൂടി ഉൾക്കൊണ്ടുകൊണ്ട് സർക്കാർ ഓഫീസുകളിലെ ഫയലുകളും തപാലുകളും വേഗത്തിൽ തീർപ്പാക്കാൻ സാധിക്കുന്നതാണ്. |
| (ഡി) | ഇ-ഓഫീസ് പരിഷ്കരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഇതിനായി കേന്ദ്രസർക്കാരിന്റെ സഹായം ലഭിച്ചിട്ടുണ്ടോയെന്നും ഇത് കേന്ദ്ര സോഫ്റ്റ്വെയർ മുഖേനയാണോ പരിഷ്കരിക്കുന്നത് എന്നും അറിയിക്കാമോ; | (ഡി) | കേന്ദ്ര സർക്കാരിനു കീഴിൽ പ്രവർത്തിച്ചു വരുന്ന നാഷണൽ ഇൻഫർമാറ്റിക് സ്സെൻറ്റർ(NIC), കേന്ദ്ര സർക്കാരിനു വേണ്ടി വികസിപ്പിച്ച ഓൺലൈൻ ഫയൽ സംവിധാനമാണ് ഇ-ഓഫീസ്. പ്രസ്തുത സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ലൈസൻസ് ഫീസ് ഈടാക്കി വിവിധ സംസ്ഥാനങ്ങളിൽ ഇ-ഓഫീസ് സംവിധാനം ഉപയോഗിച്ച് വരുന്നു. അത്തരത്തിൽ കേരള സർക്കാരും ഇ-ഓഫീസ് സംവിധാനം ഉപയോഗിച്ചു വരുന്നു. |
| (ഇ) | ഇ-ഓഫീസ് പരിഷ്കരിക്കുന്നതിന് ഏത് ഏജൻസിയെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഇ) | നാഷണൽ ഇൻഫർമാറ്റിക്സ് സ്സെൻറ്റർ (NIC) |
| (എഫ്) | ഇ-ഫയലിംഗ് നടപ്പിലാക്കിയതിന് ശേഷം അതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇത് നടപ്പിലാക്കിയതിന് ശേഷം ഫയൽ സംബന്ധമായ വിവരങ്ങൾ അറിയുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എഫ്) | ഉണ്ട്. എല്ലാ മാസവും ചീഫ് സെക്രട്ടറിയും സെക്രട്ടറിമാരുമായുള്ള മീറ്റിംഗിൽ ഇ-ഫയലിംഗ് നടപ്പാക്കലിൻറെയും, ഇ-ഓഫീസ് ഫയൽ നീക്കത്തിൻറെയും പുരോഗതി വിലയിരുത്തുന്നുണ്ട്. ഇ-ഫയലിംഗ് നടപ്പിലാക്കിയതിന് ശേഷം ഫയൽ സംബന്ധമായ വിവരങ്ങൾ അറിയുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി എൻ.ഐ.സിയുമായി കൂടിയാലോചിച്ചു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ജി) | ഇ-ഫയലിംഗ് ഏർപ്പെടുത്തിയതോടെ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഫയൽ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ? | (ജി) | ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ (http:\\eoffice.kerala.gov.in) മുഖേന ഫയലുകളുടെ തൽസ്ഥിതി വിവരം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ